നിരുന്നത്. കാലാവധി ദീർഘിപ്പിച്ചു തരുന്നതിന് കേന്ദ്ര സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ട്.

തെരുവുകുട്ടികളുടെ സ്ഥിതിയെക്കുറിച്ച് പഠന സർവേ

28 [2165] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് സംസ്ഥാനത്തെ തെരുവു കുട്ടികളുടെ സ്ഥിതിയെക്കുറിച്ച് പഠന സർവ്വെ നടത്തിയിട്ടുണ്ടോ എന്നും എങ്കിൽ എന്തെല്ലാം കാര്യങ്ങളെക്കുറിച്ചാണ് പഠനം നടത്തിയതെന്നും ശേഖരിച്ച വിവരങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തെരുവു കുട്ടികളുടെ സ്ഥിതിയെക്കുറിച്ച് പഠന സർവ്വെ നടന്നുവരുന്നു.

(ബി) ഇല്ല.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി താൽക്കാലിക നിയമനം ലഭിച്ച വികലാംഗരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

29 [2166] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. ഒ. (പി) നമ്പർ 10/99/പി: & എ.ആർ.ഡി. തിരുവനന്തപുരം, തീയതി 17-5-1999 പ്രകാരം ഏതൊക്കെ വകുപ്പുകൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയിൽ എത്ര വികലാംഗരെ വീതം സ്ഥിരപ്പെടുത്തിയിട്ടുണ്ട്;

(ബി) ജി.ഒ. (പി) നമ്പർ 33/2005/എസ്. ഡബ്ല്യു. ഡി. തീയതി തിരുവനന്തപുരം 5-3-2005 പ്രകാരം എത്ര വികലാംഗരെ ഏതൊക്കെ വകുപ്പുകളിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്;

(സി) ഈ ഉത്തരവിൻപ്രകാരം ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയിൽ താൽക്കാലിക നിയമനം നേടിയ വികലാംഗരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ഈ ഉത്തരവിൻപ്രകാരം എന്നു മുതൽ എന്നു വരെ താൽക്കാലിക നിയമനം നേടിയവരെയാണ് സ്ഥിരപ്പെടുത്തിയത്;

(ഇ) ഈ തീയതികളിൽ ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയിൽ വികലാംഗർ താൽക്കാലികമായി ജോലി ചെയ്തിരുന്നോ; എങ്കിൽ ഏതൊക്കെ ബോർഡുകളിൽ, കോർപ്പറേഷനുകളിൽ ആരൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly